**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **16-09-2025 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,**<br>**ശ്രീ. അനൂപ് ജേക്കബ് ,**<br>**ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് ശബരി റെയിൽപാതയ്ക്കായി സ്ഥലമെടുപ്പ് നിർവഹിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണയായിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | അങ്കമാലി എരുമേലി (ശബരി) റെയിൽ പദ്ധതിയുടെ തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി 03.06.2025 ന് കേന്ദ്ര റെയിൽവേ മന്ത്രിയുമായി ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു. 25 വർഷത്തിലേറെയായി മുടങ്ങിക്കിടക്കുന്ന പദ്ധതി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.<br>പദ്ധതിയും അനുബന്ധ ഭൂമി ഏറ്റെടുക്കലും അവലോകനം ചെയ്യുന്നതിനായി 2025 ജൂലൈ 11 ന് റെയിൽവേ ചുമതലയുള്ള മന്ത്രി ഒരു യോഗം വിളിച്ചുചേർത്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ പുനഃസ്ഥാപിക്കാനും റെയിൽവേ ലൈനിന്റെ പുതുക്കിയ അലൈൻമെന്റ് അന്തിമമാക്കാനും എറണാകുളം, ഇടുക്കി, കോട്ടയം ജില്ലാ കളക്ടർമാരോട് നിർദ്ദേശിച്ചു. ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതിന് സംസ്ഥാന സർക്കാരിനു കാര്യമായ തടസ്സങ്ങളൊന്നുമില്ല.<br>ഇതിന്റെ ഭാഗമായി, കൂടുതൽ ചർച്ചയ്ക്കായി 29.07.2025 നു റെയിൽവേ മന്ത്രാലയത്തിലെ ഒരു ഉന്നതതല സമിതി സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.<br>ഈ പശ്ചാത്തലത്തിൽ, പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രിക്ക് 07.07.2025 നു കത്തെഴുതിയിട്ടുണ്ട്. തുടർന്ന് പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന വിഹിതം ഉപയോഗിച്ച് കൊണ്ട് പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ റെയിൽവേ ബോർഡ് സർക്കാരിനോട് കത്ത് മുഖാന്തിരം ആവശ്യപ്പെട്ടു. കൂടാതെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്ന മുറയ്ക്ക് റെയിൽവേ ബോർഡ് പദ്ധതി |

| | | | |
|---|---|---|---|
| | | | പുനരുജ്ജീവിപ്പിക്കുമെന്നും റെയിൽവേ ബോർഡിന്റെ പ്രസ്തുത കത്തിൽ അറിയിച്ചിരുന്നു. തുടർ നടപടികൾ സർക്കാർ അവലോകനം ചെയ്തു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാനം ചെലവഴിക്കേണ്ട തുക എത്രയാണ്; ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | പുതുക്കിയ എസ്റ്റിമേറ്റ് തുക അനുസരിച്ച് 1900 കോടി രൂപയാണ് സംസ്ഥാനം ചെലവഴിക്കേണ്ടത്. പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേ അംഗീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ